ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് വോട്ടർ പട്ടിക തയാറാക്കിയിരിക്കുന്നത്. വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും അത് സംബന്ധിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം ഭരണഘടനാ സ്ഥാപനമായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ആണ് നിക്ഷിപ്തമായിട്ടുള്ളത്.

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

94 (6012) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം, മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുള്ള ഏതുതരം ഫയലുകളും വിഷയങ്ങളുമാണ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ റിമാർക്സിനായി അയയ്ക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ ഫയലുകളും മറ്റും റിമാർക്സിന് അയയ്ക്കുന്നത് സംബന്ധിച്ച നിയമവ്യവസ്ഥ സർക്കാർ ഉത്തരവുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾക്ക് പിന്തുണാസംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായാണ് തദ്ദേശസ്വയംഭരണ വകുപ്പ് പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ മാർഗ രേഖയായ സ.ഉ(എം.എസ്)നം. 128/07/തസ്വഭവ. തീയതി 14-5-2007 പ്രകാരം സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുള്ളത്. ഇപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനുള്ളിലെ ഒരു സംവിധാനമായതു കൊണ്ടാണ് ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ഫയലുകൾ അഭിപ്രായത്തിനായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് അയക്കുന്നത്.

വികേന്ദ്രീകരണ ആസൂത്രണം വഴി ഉൽപ്പാദന-പശ്ചാത്തല-സേവന മേഖലയിലെ പുരോഗതി

95 (6013) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്ഥാപനങ്ങളുടെ വികേന്ദ്രീകരണ ആസൂത്രണം വഴി ഉൽപ്പാദന-പശ്ചാത്തല-സേവന മേഖലയിൽ സംസ്ഥാനത്തുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ മേഖലയിലും ഇതിനകം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉത്പാദന മേഖലയിൽ ചെലവഴിക്കുന്ന തുകയ്ക്ക് അനുസൃതമായ പുരോഗതി ഉണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) (1) സ്കൂളുകൾ, ആശുപത്രികൾ, അംഗൻവാടികൾ മുതലായ കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്.

(2) സ്ഥാപനങ്ങളുടെ സേവന നിലവാരത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

(3) എസ്.എസ്.എൽ.സി/ഹയർ സെക്കന്ററി തുടങ്ങിയ പരീക്ഷകളിലെ വിജയശതമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

(4) ഉൽപ്പാദന മേഘലയിൽ പൊതുവേ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്.

(5) പഞ്ചാത്തല മേഖലകളിൽ കൂടുതൽ പുതിയ റോഡുകൾ നിർമ്മിക്കുകയും നിലവിലുള്ള റോഡുകൾ ഗതാഗത യോഗ്യമായി സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ചെലവഴിക്കുന്ന തുകയ്ക്ക് അനുസൃതമായി പുരോഗതിയുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ മേഖലകൾക്കായി നീക്കിവച്ച തുക

96 (6014) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾ ആകെ ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലയ്ക്കായി നീക്കിവച്ച തുക എത്ര വീതമായിരുന്നു ;

(ബി) ഇതിൽ ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകളിൽ എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) 2009-10 സാമ്പത്തിക വർഷം ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുകയാണ് ഉല്പാദന മേഖലയ്ക്കായി നീക്കിവച്ചത് ;

(ഡി) ഉല്പാദന മേഖലയിലെ ഫണ്ട് വിനിയോഗം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ശതമാനമായിരുന്നു ; മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇത് എത്രത്തോളം മെച്ചമായിരുന്നെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly